# ലോകസമാധാനത്തിന് വഴിതെളിച്ച വത്തിക്കാൻ ലോകമതപാർലമെന്റ്

## സച്ചിദാനന്ദ സ്വാമി

---

'മനുഷ്യരെല്ലാം ഒന്ന് അതാണ് നമ്മുടെ മതം' എന്ന് ശ്രീനാരായണഗുരുദേവൻ പറഞ്ഞുവെച്ചിട്ടുണ്ട്. മനുഷ്യരാശിയുടെ ഏകതയ്ക്ക് വേണ്ടിയാണ് ഗുരു നിലകൊണ്ടത്.

മനുഷ്യരുടെ വാക്കിലും വിചാരത്തിലും പ്രവൃത്തിയിലുമുള്ള സകലവിധ ഭേദങ്ങളേയും വിപാടനം ചെയ്ത് മനുഷ്യരെയെല്ലാം ഒരേയൊരു അദ്വൈതസത്യത്തിന്റെ സ്ഫുരണങ്ങൾ മാത്രമാണെന്ന് ഗുരു കണ്ടു. അദ്വൈതം ഗുരുദേവനെ സംബന്ധിച്ച് സർവ്വതിന്റേയും ഏകതയ്ക്കുവേണ്ടിയുള്ള ദർശനമായിരുന്നു. ഗുരുദേവൻ അദ്വൈതിയായിരുന്നു. അ ദ്വൈതവാദിയായിരുന്നില്ല. അദ്വൈതത്തെ ഒരു ചിന്താപദ്ധതി എന്നതിനപ്പുറത്ത് അതിനെ ഒരു ജീവിതപദ്ധതിയായി പ്രായോഗികവേദാന്തം ഗുരുദേവൻ ചമച്ചു. അതിന്റെ വെളിച്ചത്തിൽ ജാതിമത ചിന്തകൾക്കതീതമായി ലോകമെമ്പാടും അധിവസിക്കുന്ന മുഴുവൻ ജനതയും ഏകമായ പരംപൊരുളിന്റെ ആവിഷ്ക്കാരമായി ദർശിച്ച ഗുരു 'എല്ലാവരും ആത്മസഹോദരർ' എന്ന് പാടി. ഇതാണ് ഗുരുവിന്റെ ജീവിതദർശനം. ഇതിനെ കേന്ദ്രീകരിച്ച് ഗുരുദേവൻ ഏകലോകദർശനം വിഭാവനം ചെയ്തു. ഈ ഏകലോക ദർ ശനത്തിന്റെ വെളിച്ചത്തിലാണ് വത്തിക്കാനിൽ വച്ച് ലോകമത പാർലമെന്റ്നടന്നത്. ശ്രീനാരാ യണ ഗുരുദേവൻ ആലുവാ അദ്വൈതാശ്രമ ത്തിൽ വച്ചു നടത്തിയ സർവ്വമത സമ്മേളനത്തി ന്റെ ശതാബ്ദി പ്രമാണിച്ചാണ് ശിവഗിരിമഠം ഈ സമ്മേളനം സംഘടിപ്പിച്ചത്. ക്രിസ്തുദേവന്റെ പ്രതിപുരുഷനായി ലോകം അംഗീകരിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആശീർവാദവും അനുഗ്രഹവുമാണ് ഈ സമ്മേളനം സംഘടിപ്പി ക്കുവാൻ അവസരമൊരുക്കിയത്. വലിയൊരു ഹൃദയത്തിനുടമയാണ് ശ്രീഫ്രാൻസിസ് മാർപാപ്പ. ജീവിച്ചിരിക്കുന്ന ക്രിസ്തുവായി വിലയിരുത്തപ്പെടുന്ന ആ മഹാത്മാവ് വിശ്വഗുരുവിന്റെ മഹിമാവ് അറിഞ്ഞുകൊണ്ടാണ് 'ശ്രീനാരായണഗുരു ലോകം ഒരു കുടുംബമാണെന്ന് അഭിപ്രായപ്പെട്ട മഹാനാണ്' എന്ന് പ്രഖ്യാപിച്ചത്. ഇത് കേരളത്തിന്റെയും ലോകത്തിന്റെയും മതചരിത്രത്തിലെ ഒരു സംഭവമാണ്. അക്ഷരാർത്ഥത്തിൽ തന്നെ ഗുരുദേവനെ ലോകം ഉൾക്കൊള്ളുകയായിരുന്നു.

ഗുരുദേവൻ പ്രഖ്യാപിച്ച ഏകലോകദർശനത്തിന്റെ ആദ്യ ഉദ്ബോധനമാണ്

***ജാതിഭേദം മതദ്വേഷ-***
***മേതുമില്ലാതെ സർവ്വരും***
***സോദരത്വേന വാഴുന്ന***
***മാതൃകാസ്ഥാനമാമിത്.***

എന്ന അരുവിപ്പുറം സന്ദേശമെന്നുപറയാം. ജാതിമതഭേദവ്യത്യാസങ്ങൾ യാതൊന്നുമില്ലാ തെ സർവ്വജനതയും ഒന്നായി സുഖസമൃദ്ധിയിൽ സമത്വാധിഷ്ഠിതമായി കഴിയുന്ന ഒരേക ലോക വ്യവസ്ഥിതി ഇതായിരുന്നു ഗുരുവിന്റെ ചിന്താമണ്ഡലത്തിലുണ്ടായിരുന്നത്. ഇ തിന്റെ അംഗീകാരമാണ് അഭിവന്ദ്യ മാർപാപ്പയിൽകൂടിയും നിരവധി മതനേതാക്കന്മാരിൽ നിന്നും വത്തിക്കാനിൽ വെച്ച് മുഴങ്ങിക്കേട്ടത്. 1888 മുതൽ 1928 വരെയുള്ള 40 വർഷക്കാലം ആയുസ്സും വപുസ്സും ആത്മതപസ്സും ബലിയർപ്പിച്ച് ആഹർനിശം ഗുരുദേവൻ കർമ്മപ്രപഞ്ചത്തിൽ വ്യാപരിച്ചത് സർവ്വരും സഹോദരൻമാരായി കഴിയുന്ന ഈ ഏകലോക വ്യവസ്ഥിതിക്ക് വേണ്ടിയായിരുന്നു.

ഭാരതത്തിന്റെ അഭിമാനമായ വിവേകാനന്ദസ്വാമികൾ 1893 ൽ ചിക്കാഗോയിലെ സർവ്വമത സമ്മേളന വേദിയിൽ വെച്ച് 'അമേരിക്കയിലെ എന്റെ സഹോദരീ സഹോദരൻമാരെ' എന്ന വിശ്വസാഹോദര്യമന്ത്രം

This PDF document was created with CKEditor and can be used for evaluation purposes only.

മുഴക്കുന്നതിനും 5 വർഷം മുമ്പാണ് തികച്ചും ഗ്രാമീണനായിരുന്ന ഒരവധൂതൻ ഈ ഏകലോക സന്ദേശം അരുവിപ്പുറത്ത് നിന്നും മുഴക്കിയത് എന്ന് നാം അറിയണം. ഗുരുവിന്റെ അനുയായികൾ തന്നെ ഈ ആദ്യസന്ദേശത്തിന്റെ അർത്ഥതലം വേണ്ടവണ്ണം അവധാരണം ചെയ്തിട്ടുണ്ടോ എന്ന് സംശയമാണ്. ശ്രീനാരായണസമൂഹം പോ ലും മഹാഗുരുവിനെ സാമുദായികതലത്തിൽ കാണുന്നുവെന്നതാണ് ഏറ്റവും വലിയ ദുര്യോഗം. വത്തിക്കാൻ ലോകമതപാർലമെന്റ് ഗുരു വിന്റെ ഈ ഏകലോകദർശനം ഉൾക്കൊണ്ടി രിക്കുന്നു. അഭിവന്ദ്യനായ മാർപാപ്പ ചെയ്ത അനുഗ്രഹപ്രഭാഷണത്തിൽ ഇത് ഉദ്ബോധി പ്പിച്ചു. അദ്ദേഹം പറഞ്ഞു 'ശ്രീനാരായണഗുരു സംഘടിപ്പിച്ച ആദ്യ സർവ്വമത സമ്മേളനത്തി ന്റെ നൂറാം വാർഷികം ആഘോഷിക്കാൻ കേരളത്തിൽ നിന്നും ഇന്ത്യയിൽ നിന്നും ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും എ ത്തിയ വിവിധ മതവിശ്വാസികളെ ഞാൻ സ ന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. ആദരണീ യരായ ശിവഗിരിമഠം സ്വാമിമാർക്കും ശ്രീനാരാ യണഗുരുവിന്റെ അനുയായികൾക്കും മറ്റു സു ഹൃത്തുക്കൾക്കും സ്വാഗതം. ഇന്ത്യയിലേയും ഏഷ്യയിലേയും മതസംവാദങ്ങളുടെ ചരിത്ര ത്തിലെ നാഴികക്കല്ലായിരുന്നു ആദ്യസർവ്വ മതസമ്മേളനം. മതസംവാദങ്ങളുടെ പുണ്യസ ങ്കേതമായ ഇവിടെ വൈവിദ്ധ്യമാർന്ന മതസമൂ ഹങ്ങളുടെ പ്രാർത്ഥനാനിർഭരമായ സംഗമമാ ണിത്. 'സർവ്വമത സമന്വയം മാനവരാശിക്കായി എന്നതാണ് ഈ സമ്മേളനത്തിന്റെ ആശയം. ഇന്ന് ഏറെ പ്രസക്തിയുള്ള വിഷയമാണിതെ ന്നും' മാർപാപ്പ പറഞ്ഞു. നവംബർ 30 ന് രാവി ലെ മാർപാപ്പയുടെ അരമനയോട് ചേർന്ന ഹാളി ൽ വെച്ചാണ് ആ പ്രതിപുരുഷൻ ഇപ്രകാരം ഉദ്ബോധിപ്പിച്ചത്. കേരളത്തിൽ നിന്നും ലോ കത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 160 പ്രതിനിധികളും വത്തിക്കാനിൽ നിന്നും ഇരു പത് പ്രതിനിധികളും മാർപാപ്പയുടെ അരമന യിലെ വൈദീകരടക്കം 200-ഓളം പ്രതിനിധികൾ ഈ ലോകമത പാർലമെന്റിൽ സംബന്ധിച്ചു. മാർപാപ്പയുടെ പ്രസംഗം അച്ചടിച്ച് വിതരണം ചെയ്തിരുന്നു. ഒന്നരമണിക്കൂർ നേരം അദ്ദേഹം പ്രതിനിധികളുമായി സമയം പങ്കിട്ടു. ശിവഗിരി മഠത്തിന്റെ ഉപഹാരം പ്രസിഡന്റ് സച്ചിദാനന്ദ സ്വാമികൾ മാർപാപ്പക്ക് നൽകി. ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമി കൾ ശിവഗിരി മഠത്തിന്റേയും ഗുരുദേവന്റേയും ചിത്രം ആലേഖനം ചെയ്ത മഞ്ഞഷാൾ പുത പ്പിച്ചു. ഈ ഷാളിനെക്കുറിച്ച് മാർപാപ്പ ആരാ യുന്നത് വൈറലാവുകയും ചെയ്തു. സമ്മേ ളനത്തിന്റെ സംഘാടക സെക്രട്ടറി വീരേശ്വരാ നന്ദ സ്വാമി, ജനറൽ കൺവീനർ ചാണ്ടി ഉമ്മൻ എം.എൽ. എ., കെ.ജി. ബാബു രാജൻ ബഹ റിൻ (ചെയർമാൻ) എന്നിവർ വിവിധ ഉപഹാ രങ്ങളും മാർപാപ്പക്ക് നൽകി. ശിവഗിരിമഠ ത്തിലെ സംന്യാസിമാർ സ്വാമി ഋതംഭരാനന്ദ (മുൻ ജനറൽ സെക്രട്ടറി), സ്വാമി വിശാലാനന്ദ (മുൻ ഖജാൻജി), സ്വാമി ധർമ്മചൈതന്യ, (ആലുവ അദ്വൈതാശ്രമം സെക്രട്ടറി), സ്വാമി ഹംസതീർത്ഥ (ശിവഗിരി ശാരദാമഠം), സ്വാമി അസംഗാനന്ദഗിരി (സെക്രട്ടറി ജി.ഡി.പി. എസ്.) സ്വാമിനി ആര്യനന്ദാദേവി, (ശ്രീനാരായ ണമഠം, വൈക്കം) തുടങ്ങിയവരും മാർപാപ്പ യെ സന്ദർശിച്ച് തങ്ങളുടെ ആദരവ് പ്രക ടിപ്പിച്ചു.

സർവ്വമത സമ്മേളനത്തിന്റെ ആദ്യയോഗം നടന്നത്. ലീ മെരിഡിയൽ ഹോട്ടലിൽ വെച്ചായിരുന്നു. ഭാരതത്തിലെ വിവിധ സംസ്ഥാന ങ്ങൾ കൂടാതെ ബഹ്റിൻ, ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, അയർലന്റ്, ഇംഗ്ലണ്ട്, ഇന്റോനേഷ്യ, സിംഗപ്പൂർ തുടങ്ങി 15 രാജ്യങ്ങളിൽ നിന്നും വന്ന പ്രതിനിധികൾ ഈ ഉദ്ഘാടന യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ ചാണ്ടി ഉമ്മൻ എം.എൽ.എ. സ്വാഗതം പറഞ്ഞു. ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമികൾ ആധ്യക്ഷം വഹിച്ച സമ്മേളനം കർണ്ണാടക സ്പീക്കർ യു.ടി. ഖാദർ ഉദ്ഘാടനം ചെയ്തു. വിവിധ രാജ്യങ്ങളിൽ നിന്നും വന്ന പ്രതിനിധികൾ മതത്തിന്റെ ഏകതയേയും അതുവഴി ലോകസമാധാനം സൃഷ്ടമാക്കുന്ന തിനെയും കുറിച്ചു സംസാരിച്ചു. ചെയർമാൻ കെ.ജി. ബാബുരാജൻ വിശദീകരണ പ്രസംഗവും സെക്രട്ടറി വീരേശ്വരാനന്ദ കൃതജ്ഞതയും പ്രകാശിപ്പിച്ചു. സമ്മേളനത്തിൽ മുരളീധരൻ മുരള്യ, ഡോ. രവി സി.കെ. ചന്ദ്രികാഭവൻ, ശ്രീമതി ഇന്ദിര രവി, വി.കെ. മുഹമ്മദ് ഭിലായി, എ. വി. അനൂപ് എം.ഡി., മെഡിമിക്സ്, ശ്രീ. സുരേഷ്കുമാർ മധുസൂദനൻ മുംബൈ, സിജി ജോസഫ് എം. എൽ. എ., നന്ദകുമാർ മണപ്പുറം, ഗോപു നന്ദിലത്ത്, സണ്ണി ജോസഫ് ഇൻഡോനേഷ്യ, അനിൽ തടാലിൽ, ബൈജു പാലയ്ക്കൽ ലണ്ടൻ യു.കെ., അഹമ്മദ് അബുദാബി, മെൽബിൻ ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

നവംബർ 30ന് രാവിലെ 10 മണിക്കായിരുന്നു മാർപാപ്പയുടെ സമ്മേളനം. അന്ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് വത്തിക്കാൻ അരമനയോട് ചേർന്ന് മറ്റൊരു ഹാളിൽ വച്ച് ലോകമതപാർലമെന്റ് ആരംഭിച്ചു. ശ്രീനാരായണ ഗുരുദേവൻ സർവ്വ മത പ്രാർത്ഥനയായി രചിച്ച ദൈവദശകത്തിന്റെ ഇറ്റാലിയൻ ഭാഷ തർജ്ജിമ (സിസ്റ്റർ ആശാ ജോർജ്ജ്) പ്രൊഫ. ആൽവിൻ ജെന്റർ ആലാ പനം ചെയ്തുകൊണ്ട് മതപാർലമെന്റ് ആരംഭിച്ചു. കർദ്ദിനാൾ ലസാരു ഹ്യൂങ്സിക്ക് ഉദ്ഘാ ടനം ചെയ്തു. വിഭിന്നമതങ്ങളും ഭാഷകളും വിശ്വാസങ്ങളും

This PDF document was created with CKEditor and can be used for evaluation purposes only.

പുലർത്തിപ്പോരുന്ന ലോകത്ത് ഏകതയുടെ പ്രായോഗികത ആവശ്യമാണ്. ഇ ത്തരം മഹാസമ്മേളനങ്ങളിൽ പങ്കെടുക്കുന്ന വർക്ക് സഹിഷ്ണുതയും സൗഹാർദ്ദവും സമാ ധാനവും സൃഷ്ടിക്കുവാൻ മഹത്തായ സംഭാ വനകൾ ചെയ്യുവാൻ സാധിക്കുമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. സരളഹൃദയനും വിശാലാശ യനും ഗുരുദേവന്റെ സ്നേഹരാജ്യത്തിന്റെ പ്രതിപുരുഷനുമായ മാർപാപ്പ തിരുമേനിയുടെ വത്തിക്കാനിലെ കർദ്ദിനാളായ ലസാരു ഹ്യു ങ്സിക്ക് ഏറെ സ്നേഹസമ്പൂർണ്ണനായി ഏവർ ക്കും അനുഭവപ്പെട്ടു. 'ഏകം സത് വിപ്രാഃ ബഹുധാ വദന്തി' എന്ന ഭാരതീയ ഗുരുക്കൻ മാരുടെ വിശ്വദർശനം വത്തിക്കാനിൽ മാറ്റൊലി ക്കൊണ്ട് എന്നു പറയാം. വത്തിക്കാൻ ലോക ത്തെ ഭരിക്കേണ്ടതു സമാധാനമാണെന്നും അതിനായി പ്രയത്നിക്കണമെന്നും ശിവഗിരി മഠത്തിന്റെ നേതൃത്വത്തിൽ വത്തിക്കാനിൽ നടന്ന സർവമത സമ്മേളനം ആഹ്വാനം ചെയ്തു. മാനവികതയുടെ ഏകത്വവും സാഹോദര്യ വു മാണ് അതിനാവശ്യമെന്നും സമ്മേളനം ഓർമ്മിപ്പിച്ചു. കർദിനാൾ ലസാരു ഹ്യൂങ്സിക് ഉദ്ഘാടനം ചെയ്തു. നല്ല മനുഷ്യത്വത്തിനായി മതങ്ങൾ ഒരുമിച്ച് എന്ന വിഷയത്തിൽ സെമിനാർ നടന്നു. മതം, രാഷ്ട്രം, ഭാഷ മുതലായ അതിർവരമ്പുകളില്ലാത്ത മാനവികതയുടെ ഏകത്വമാണ് വേണ്ടതെന്ന് സെമിനാറിൽ ശിവ ഗിരി മഠം പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ പറഞ്ഞു.

ശിവഗിരിമഠം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, മോൺസിഞ്ഞൂർ ഇൻഡുനിൽ ജെ.കൊടിത്തുവാക്, കർദിനാൾ ജോർജ് ജേക്കബ് കൂവക്കാട്, കർണ്ണാടക സ്പീക്കർ യു.ടി. ഖാദർ, ഫരീദ്, പാണക്കാട് സയ്യിദ് സാ ദിഖ് അലി ശിഹാബ് തങ്ങൾ, സംഘാടക സമിതി സെക്രട്ടറി സ്വാമി വീരേശ്വരാനന്ദ, ജനറൽ കൺവീനർ ചാണ്ടി ഉമ്മൻ എം.എൽ. എ, കെ.മുരളീധരൻ മുരള്യ, സഞ്ജീവനി വെൽനെസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ രഘു നാഥൻ നായർ, കെ.ജി.ബാബുരാജൻ, ഗ്യാനി രഞ്ജിത് സിങ്, ഫാ. ഡേവിഡ് ചിറമേൽ, ഫാ. മിഥുൻ ജെ ഫ്രാൻസിസ്, മോൺ സാന്തിയാ ഗോ മൈക്കേൽ, റവ. ജോർജ് മുത്തോലിൽ, കുണ്ഡേലിംഗ് തത്സക് റിമ്പോച്ചെ. സ്വാമിനി സുധാനന്ദഗിരി, ഡോ. ലോറന്റ് ബോസനീസ്, ആന്റണി ബ്രൗൺ, ഫാ. ബെൻ ബോസ് തുടങ്ങിയവർ വിവിധ സെഷനുകളിൽ പ്രസംഗിച്ചു.

വത്തിക്കാൻ സ്ക്വയറിലെ അഗസ്റ്റിരിയൻ ഹാളിൽ നടന്ന സെമിനാറിൽ എം.എൽ.എ. മാരായ സജീവ് ജോസഫ്, സനീഷ് കുമാർ ജോസഫ്, പി.വി. ശ്രീനിജൻ, മാർത്തോമാ സഭ അൽമായ ട്രസ്റ്റി അഡ്വ. ആൻസിൽ കോമാട്ട് തുടങ്ങി പ്രതിനിധികൾ പങ്കെടുത്തു. ദൈ വദശകം ഇറ്റാലിയൻ ഭാഷയിൽ ആലപിച്ചാ രംഭിച്ച സെമിനാർ സ്വാമി ഋതംഭരാനന്ദയുടെ സർവമത പ്രാർഥനയോടെയാണ് സമാപിച്ചത്.

സച്ചിദാനന്ദ സ്വാമി രചിച്ച ആലുവാ സർവ്വമ തസമ്മേളനത്തെക്കുറിച്ചുള്ള ഗ്രന്ഥം ഇറ്റാലി യൻ ഭാഷയിലേക്ക് ഡോ. സബ്രീന ലത്തീഫ് വിവർത്തനം ചെയ്തതും ശ്രീനാരായണഗുരു ലോകസമാധാനത്തിന്റെ പ്രവാചകൻ, **Sree Narayana Guru Prophet of the world peace** വിവർത്തനം സത്യബായി ശിവദാസ്, വേണു തിരുവനന്തപുരം എന്ന ഗ്രന്ഥവും മാർപാപ്പക്ക് നൽകി പ്രകാശനം ചെയ്തു. കൂടാതെ ശ്രീനാ രായണ ഗുരുവിനെക്കുറിച്ചും ഗുരുദേവ കൃതിക ളെ ആസ്പദമാക്കിയുമുള്ള നിരവധി ഗ്രന്ഥ ങ്ങളും മാർപാപ്പക്ക് സമർപ്പിച്ചു. കൂടാതെ സുരേ ഷ് കുമാർ മധുസൂദനൻ മുംബൈ, ഇംഗ്ലീഷിൽ എഴുതിയ ഗുരുവിന്റെ ജീവിതചരിത്രവും സമ്മേ ളനത്തിൽ വച്ച് പ്രകാശനം ചെയ്തിരുന്നു. സർവ്വമതസമ്മേളനത്തെക്കുറിച്ചുള്ള ഇറ്റാലിയൻ ഗ്രന്ഥവും **Sree Narayana Guru Prophet of the world peace** എന്ന ഗ്രന്ഥവും ലോകമത പാർലമെന്റിൽ സംബന്ധിച്ച മുഴുവൻ അംഗ ങ്ങൾക്കും വിതരണം ചെയ്തു. ഗുരുവിന്റെ ഏകലോക ദർശനവും സർവ്വസമന്വയവീക്ഷ ണവും ലോകവേദിയിൽ അവതരിപ്പിക്കുവാൻ ലോകമതപാർലമെന്റ് സഹായകമായി. മതമല്ല വലുത് മനുഷ്യനാണ്. വിശ്വഗുരുവിന്റെ വിശ്വ സാഹോദര്യമന്ത്രങ്ങൾ ലോകവേദിയിൽ ചർച്ചാവിഷയമായി.

ശിവഗിരിമഠം പ്രസിഡന്റ് സച്ചിദാനന്ദസ്വാമികളുടെ അദ്ധ്യക്ഷപ്രസംഗത്തിന്റെ സാരം ചു വടെ ചേർക്കുന്നു. ശ്രീനാരായണഗുരുദേവന്റെ തത്ത്വദർശനത്തിന്റെ അടിസ്ഥാനം ഒരു ജാതി ഒരു മതം ഒരു ദൈവം എന്നാണ്. മനുഷ്യകുലത്തിന്റെ ഏകതയായിരുന്നു ഗുരുവിന്റെ ലക്ഷ്യം.

This PDF document was created with CKEditor and can be used for evaluation purposes only.

ശ്രീനാരായണഗുരു ഒരു സന്ദേശം പറഞ്ഞു വയ്ക്കുകമാത്രമല്ല ചെയ്തത്. അതനുസരിച്ച് ജീവിച്ച് മാതൃക കാട്ടുകയും ചെയ്തു. 'എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്ന ആപ്തവചനം കൂടുതൽ ഇണങ്ങുന്നത് ശ്രീനാരായണഗുരുവിലാണെന്ന് കാണാം. മനുഷ്യജാതിയുടെ ഏകതയെ കുറേക്കൂടി ആഴത്തിൽ അഭിവീക്ഷണം ചെയ്തുകൊണ്ട് ഗുരു പാടീട്ടുണ്ട്. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന് 1920 ലാണ് ഗുരു ഉപദേശിച്ചത്. എന്നാൽ അ തിനും മുൻപ് ശിവഗിരിമഠം സ്ഥാപിക്കുന്ന കാലത്തു തന്നെ ഗുരുദേവൻ ഈ തത്ത്വം ഉപദേശിച്ചു. ആലുവ സർവ്വമതസമ്മേളനത്തിന്റെ അടിസ്ഥാനതത്ത്വം ഇതുതന്നെയാണ്. മനുഷ്യരുടെ ദൈനംദിനജീവിതത്തിലെ ജാതി, മതം, ദൈവം എന്നിവയുടെ ഏകതയെ ഗുരുദേവൻ ഉദ്ബോധിപ്പിച്ചു.

*ഏകജാതിഭവത്യേക*
*ദൈവമേകമതം മതം*
*തസ്മാദഭേദോളവയവാ:*
*വയം സർവ്വേ സാഹോദരാ:*

ഒരിക്കൽ ഗുരുദേവൻ ശിഷ്യനായ സി.വി. കുഞ്ഞുരാമനോടായി പറഞ്ഞു. 'ബുദ്ധന്റെ കാലത്ത് ഹിംസ കലശലായിരുന്നു. അതിനാൽ ബുദ്ധൻ അഹിംസാ ധർമ്മത്തിന് മുഖ്യത കൽപ്പിച്ചു. ക്രിസ്തുവിന്റെ കാലത്ത് സ്നേഹത്തിന്റെ അഭാവമായിരുന്നു. അതിനാൽ ക്രിസ്തു സ്നേഹത്തിന് പ്രാധാന്യം നൽകി. നബിയുടെ കാലത്ത് സാഹോദര്യത്തിന് മുഖ്യത കൽപ്പിക്കേണ്ടത് ആവശ്യമായിരുന്നിരിക്കാം, അതിനാൽ അദ്ദേഹത്തിന്റെ മതത്തിൽ  സാഹോദര്യത്തിന് മുഖ്യത കാണുന്നു. ഇന്ന് ഇന്ത്യയുടെ ആവശ്യമെന്താണ്. 'ജാതികൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള മത്സരത്തിൽ നിന്നും മോചനം' ജാതിമതാദി ഭേദചിന്തകളുടെ വിമോചകനായിരുന്നുവല്ലോ ഗുരുദേവൻ, ബുദ്ധൻ, ക്രിസ്തു, നബി തുടങ്ങിയ ജഗദ് ഗുരുക്കൻമാരുടെ പരമ്പരയിൽ ആധുനിക ഭാരതം ലോകത്തിന് സംഭാവന ചെയ്ത ശ്രീനാരായണ ഗുരു സർവ്വഭേദരഹിതമായ ഒരേകലോക വ്യവസ്ഥിതിക്കായി നിലകൊണ്ടു. പലമതസാരവുമേകം ജഗദിയിലിമ്മതമേകം എന്നു  1897 ൽ ഉപദേശിച്ച ഗുരുദേവൻ മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് കേവലമനുഷ്യത്വത്തിന് പ്രാധാന്യം നൽകി മതദർശനം അവതരിപ്പിക്കുന്നു. 'മനുഷ്യൻ കെട്ടുപോയാൽ പിന്നെ മതം കൊണ്ട് എന്ത് പ്രയോജനം' മതമല്ല മനുഷ്യനാണ് വലുതെന്ന് ഗുരു പഠിപ്പിക്കുന്നു.  ഏത് മതത്തിൽ കൂടിയും മനുഷ്യന് നന്നാകുവാൻ സാധിക്കും. അതിനാൽ മതപരിവർത്തനം ചെയ്യേണ്ട എന്ന് ഗുരു സിദ്ധാന്തിക്കുന്നു. ഹിന്ദുവും ക്രിസ്ത്യാനിയും ഇസ്ലാമും ബൗദ്ധനും ജൈനനും തുടങ്ങി പ്രമുഖ മതത്തിലെ ആചാര്യൻമാർ ഒത്തുകൂടി 'പലമതസാരവുമേകമെന്ന ദർശനത്തിന്റെ വെളിച്ചത്തിൽ  ആലുവ അ ദ്വൈതാശ്രമത്തിൽ വെച്ച് ഏകമതദർശനം ചർച്ച ചെയ്യപ്പെട്ടു. ഇപ്പോൾ സർവ്വമതസമ്മേളനത്തിന്റെ ശതാബ്ദി ശിവഗിരി മഠത്തിന്റെ നേതൃത്വത്തിൽ ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടികളോടെ രാജ്യത്തുടനീളം ആഘോഷിക്കുകയാണ്. ശ്രീബുദ്ധൻ, യേശുക്രിസ്തു, മുഹമ്മദ്നബി എന്നിവർ ഓരോ മതങ്ങളുടെ സ്ഥാപകരായി അറിയപ്പെടുമ്പോൾ ഗുരു മതം സ്ഥാപിക്കാതെ ഏകലോകവ്യവസ്ഥിതിയെ പ്രാപിക്കുന്നു.

1924 ലെ സർവ്വമത സമ്മേളനത്തെത്തുടർന്ന് എല്ലാവരും എല്ലാ മതങ്ങളും സമബുദ്ധിയോടും സമഭക്തിയോടും കൂടി പഠിക്കുന്ന ഒരു സർവ്വമതപാഠശാലയ്ക്കും ഗുരുദേവൻ ശിവഗിരിയിൽ ശിലാസ്ഥാപനം ചെയ്തു. ഇപ്പോൾ സാവധാനമെങ്കിലും ആശാവഹമായ രീതിയിൽ പ്രസ്തുത സർവ്വമതപാഠശാല ശിവഗിരിയിൽ പ്രവർത്തിച്ചുവരികയാണ്.  എല്ലാ മതവിശ്വാസികളുടെ ഇടയിലും ഇത്തരം സർവ്വമത പാഠശാലകൾ ആരംഭിക്കേണ്ടത് മറ്റെന്തിനേക്കാളും ഉപരി രാജ്യത്തിന് ഇന്നാവശ്യമാണ്. മതപരിവർത്തന കോലാഹലങ്ങളും മതതീവ്രവാദ പ്രവർത്തനങ്ങളും കൊണ്ട് കലുഷിതമായ  ലോകത്ത് എല്ലാവരും എല്ലാമതങ്ങളും സമബുദ്ധിയോടും സമഭക്തിയോടും കൂടി എല്ലാ മതങ്ങളുടെയും സി ദ്ധാന്തങ്ങൾ പഠിക്കണം. അപ്പോൾ മതത്തിന്റെ പേരിലുള്ള വിവാദങ്ങൾ കുറയും. ഈ മഹിതമായ കാഴ്ചപ്പാടാണ് ഗുരുവിന് ഉണ്ടായിരുന്നത്. ഗുരുദേവൻ ആറ്റംയുഗത്തിന്റെ ഋഷിയാണ്. കാലഘട്ടത്തിന്റെ ശബ്ദം ശ്രവിച്ച് അതിനനുസൃതമായി ഗുരുതത്ത്വദർശനം അവതരിപ്പിച്ചു. ഏതു പരിഷ്കൃതരാജ്യത്തെ ആധുനികരായ ചിന്തകന്മാർപോലും ഗുരുദർശനത്തെ ഉൾ ക്കൊണ്ടു സ്വാംശീകരിക്കും. വരാൻപോകുന്ന നൂറ്റാണ്ടുകളും ഗുരുദേവന്റെ മുന്നിൽ കൈവണങ്ങിനിൽക്കും. ഗുരുദേവൻ സംസ്കൃതം, മലയാളം, തമിഴ് എന്നീ

This PDF document was created with CKEditor and can be used for evaluation purposes only.

മൂന്നുഭാഷകളിലായി രചിച്ച 75 ഓളം  വരുന്ന കൃതികൾ ലോകഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. അത് വായിക്കുന്ന ഏതു മനീഷിയും ഗുരുദർശനത്തെ സ്വാംശീകരിക്കും.

ഗുരു ഉപദേശിക്കുന്നു 'സൂക്ഷ്മാന്വേഷണത്തെ സഹായിക്കുന്ന മാർഗ്ഗദർശികൾ മാത്രമാണ് മതങ്ങൾ സൂക്ഷ്മം അറിഞ്ഞവന് മതം പ്രമാണമല്ല, മതത്തിന് അവൻ പ്രമാണമാണ്'  ഈ താത്വിക നിലപാടിൽ നിന്നുകൊണ്ടാണ് ഗുരുദേവൻ ഒരു പ്രത്യേക  മതത്തിലും ഉൾപ്പെടുന്നില്ല എന്ന് തുറന്ന് പ്രഖ്യാപിച്ചത്.  എന്നാൽ സൂക്ഷ്മമായ തത്വത്തെ  ഈശ്വരനെ സാക്ഷാത്ക്കരിക്കുവാൻ  അതാത് മതവിശ്വാസികൾ അവരവരുടെ മതത്തെത്തന്നെ പ്രമാണമാക്കി മതസിദ്ധാന്തങ്ങളെ പിൻതുടരുക തന്നെ വേണം. എന്നാൽ അത് മറ്റൊരു വിശ്വാസിയുടേയും ജീവിതത്തിനും ചര്യകൾക്കും വിഘാതം വരുത്തുന്ന തരത്തിലാകാൻ പാടില്ല. മതാതീതമായ വിശ്വദർശനമാണ് ശ്രീനാരായണദർശനം.

ഗുരുദേവൻ മതപരമായി സ്വീകരിച്ച ഒന്നുരണ്ടു നിലപാടുകൾകൂടി ഇവിടെ ഉദാഹരിക്കാം. ഗുരുദേവന്റെ 1918 ലെ സിലോൺ സന്ദർശന വേളയിൽ ഒരു ധനികനായ മുസ്ലീം ഖാദർ ഗുരുഭക്തനായി. 1926ൽ രണ്ടാം പ്രാവശ്യം ഗുരുദേവൻ സിലോണിലെത്തിയപ്പോൾ  ഖാദർ സ്കന്ദസ്വാമിയായി സംന്യാസം സ്വയം സ്വീകരിച്ചിരുന്നു. തന്നെ കൂടി ഗുരുവിന്റെ ശിഷ്യസംഘത്തിൽ ചേർക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചപ്പോൾ 'ഖാദറിന് ഖാദറായിരുന്നു നമ്മുടെ സംഘത്തിൽ ചേരാം.  ഖാദർ സ്കന്ദസ്വാമിയാകേണ്ട തില്ല' എന്ന് ഗുരുദേവൻ മൊഴിഞ്ഞു.

അതുപോലെ ആലുവ അദ്വൈതാശ്രമത്തി ലെ അന്തേവാസിയായിരുന്ന ചാക്കോ മഞ്ഞവസ്ത്രമുടുത്ത് ശ്രീനാരായണദാസായി വന്നപ്പോൾ 'നമ്മുടെ ആശ്രമത്തിൽ ചാക്കോ ചാ ക്കോയായിരുന്നാൽ മതി ശ്രീനാരായണദാസ് ആകേണ്ടതില്ലായെന്നായിരുന്നു' എന്നായിരുന്നു ഗുരുവിന്റെ അഭിമതം. ഗുരുവിന്റെ എത്രയും ഉദാരമായ ഈ നിലപാട് ഇന്നത്തെ അതാത് വിശ്വാസികൾ അംഗീകരിച്ചാൽ മതത്തിന്റെ പേരിലുള്ള പ്രശ്നങ്ങൾ അവസാനിക്കും. ഏതായാലും ഈ ഉദാരമായ നിലപാടിലൂടെ മാത്രമേ മതസംഘട്ടനങ്ങളുടേയും മതങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളുടേയും  വേരറുക്കാൻ സാധിക്കൂ. എല്ലാ മതങ്ങളേയും വിശ്വത്തേയും ഒന്നായിക്കാണുന്ന ഒരു മഹാപുരുഷനുമാത്രമേ ഇതു സാധിക്കൂ. അതുകൊണ്ടാണ് ഗുരു വിശ്വമാനവികതയുടെ പ്രവാചകനായത്. വത്തിക്കാൻ ലോകമത പാർലമെന്റിലൂടെ മതങ്ങളുടെ ഈ ഏകതയും പഠനവും സ്വാംശീകരിക്കാൻ സാധിച്ചാൽ എത്ര യും അനുഗ്രഹപ്രദമായി.

നെയ്യാറ്റിൻകരഭാഗത്ത് കുറേപ്പേർ മതപരിവർത്തനത്തിന് വിധേയമായി, പിന്നീട് എസ്.എൻ.ഡി.പി. യോഗപ്രവർത്തനങ്ങൾ ശക്തമായപ്പോൾ അവരിൽ  പലരും തിരികെ എത്തുകയും അവരെ ഗുരുദേവൻ സ്വീകരിക്കുകയും ചെയ്തതായി വിവേകോദയത്തിൽ കാണുന്നുണ്ട്. സ്വധർമ്മത്തിൽ നിന്നും മതം മാറ്റപ്പെട്ടവർ പിന്നീട് മടങ്ങിവരാൻ തയ്യാറായാൽ അവരെ തിരികെ  പ്രവേശിപ്പിക്കാം എന്നാണ് ഗുരുവിന്റെ കാഴ്ചപ്പാട്.  ഗുരുദേവൻ ഉപദേശിച്ചിട്ടുണ്ട്. 'ആരും ആരേയും മാറ്റാനും മറിക്കാനും നിൽ ക്കണ്ട. ഓരോരുത്തരും നിൽക്കുന്നിടത്ത് നിന്നാ ൽ മതി'. ഖാദറിന്റേയും ചാക്കോയുടേയും നെ യ്യാറ്റിൻകരയിൽ മതപരിവർത്തനം ചെയ്യപ്പെട്ടവരിലുമായി ഈ സന്ദേശമാണ് ഇന്നത്തെ ലോ കത്തിന് ആവശ്യമായ ഈ മതവീക്ഷണം. മതത്തിന് ആഭ്യന്തരവും ബാഹ്യവുമായ രണ്ട് ഭാഗങ്ങൾ ഉണ്ട്. ബാഹ്യമായ മതപരിവർത്തന സംരംഭങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. ആന്തരികമായ പരിവർത്തനം വിവേകിയായ മനുഷ്യരിൽ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിനാൽ ആ രീതിയിലും മതപരിവർത്തനം ആവശ്യമില്ലെന്ന് ഗുരുദേവൻ സിദ്ധാന്തിക്കുന്നു. സി.വി.കുഞ്ഞിരാമനുമായി ഗുരുദേവൻ നടത്തിയ  സംവാദത്തിലും തൃപ്പാദങ്ങൾ ഇത് വ്യക്തമാക്കിയിട്ടുണ്ട്. മതത്തിന് ഉപരി മനുഷ്യനെ സ്നേഹിക്കുവാൻ ഗുരുദേവൻ പഠിപ്പിക്കുന്നു. ഈ ശുദ്ധമനുഷ്യത്വദർശനമാണ് യഥാർത്ഥ  ഗുരുദർശനം. ഗുരു വിശ്വത്തെ ഒന്നായിക്കണ്ടു. ജാതി, മതം, ദേശം എന്നിവയുടെ വേലിക്കെട്ടുകൾ ഗുരുദേവൻ പൊളിച്ചുകളഞ്ഞു. മനുഷ്യരെല്ലാം ഒന്ന് അതാണ് നമ്മുടെ മതം എന്ന് പ്രഖ്യാപിച്ചു.

ആത്മോപദേശശതകത്തിൽ

This PDF document was created with CKEditor and can be used for evaluation purposes only.

*അവനിവനെന്നറിയുന്നതൊക്കെയോർത്താ-*
*ലവനിയിലാദിമമായൊരാത്മരൂപം*
*അവനവനാത്മസുഖത്തിനാചരിക്കു-*
*ന്നവയപരന്നു സുഖത്തിനായ് വരേണം.*

എന്ന് ഉപദേശിക്കുന്നുണ്ട്.

അവനും ഇവനും ഇനി മറ്റൊരാളും ആദിമമായ ആത്മസത്തയുടെ അംശങ്ങൾ തന്നെയാണ്. എല്ലാവരും ഒന്നിന്റെ തന്നെ വകഭേദങ്ങൾമാത്രം. അതിനാൽ ആത്മസഹോദരരെ എന്തിനു മതം മാറ്റണമെന്ന് ഗുരു ചോദിക്കുന്നു. ഒരേ ഒരു സത്തയുടെ സ്ഫുരണങ്ങളായ മനുഷ്യർ പരസ്പരം സ്നേഹിച്ചും സഹായിച്ചും കഴിയുക എന്നതാണ് ജീവിതധർമ്മമായി ഗുരു സിദ്ധാന്തിക്കുന്നത്. ശ്രീനാരായണ സ്മൃതിയിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ബൗദ്ധമത വിശ്വാസികളും ജൈനമതസ്ഥരും എല്ലാവരും ഒരേ ഒരു ആത്മസുഖത്തെ പ്രാപിക്കുവാനാണ് ആഗ്രഹിക്കുന്നത്. അതിനാൽ എല്ലാ മതവിശ്വാസികളും ഏകമാണെന്നും ഗുരുദേവൻ അഭിപ്രായപ്പെടുന്നു. ആത്മോപദേശ ശതകത്തിൽ.

*അഖിലരുമാത്മസുഖത്തിനായ് പ്രയത്നം*
*സകലവുമിങ്ങു സദാപി ചെയ്യിടുന്നു;*
*ജഗതിയിലിമ്മതമേകമെന്നു ചിന്തി-*
*ച്ചഘമണയാതകതാരമർത്തിടേണം.*

ആത്മസുഖത്തിനായി മതവിശ്വാസികളും ശ്രമിക്കുന്നതിനാൽ പലമതങ്ങളില്ല. മതം ഏകമാണ് എന്നാണ് ഗുരുവിന്റെ പക്ഷം. ഇത് മനസ്സിലാക്കി എല്ലാവരുമായി അനുരഞ്ജനത്തിൽ സാത്വിക ജീവിതം നയിക്കുവാൻ സാധിക്കണം.

ശാസ്ത്രവും സയൻസും പുരോഗതിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഏവരും തികച്ചും ഏകത്വബോധത്തോടെ ജീവിക്കണമെന്ന ഗുരുദേവന്റെ ഉപദേശത്തിന് ഏറെ പ്രസക്തിയുണ്ട്. അതുപോലെ എല്ലാവരും എല്ലാ മതസിദ്ധാന്തങ്ങളും സമഭാവനയോടെ പഠിച്ചറിയുക. അതിനാവശ്യമായ സർവ്വമത പഠന കേന്ദ്രങ്ങൾ വ്യാപകമായി സ്ഥാപിക്കുക. എല്ലാറ്റിനേയും അംഗീകരിക്കുക. എന്റെ മതം മാത്രം വലുത് മറ്റേതെല്ലാം അപൂർണ്ണം തുടങ്ങിയ ചിന്താഗതികൾ ഉപേക്ഷിക്കുക. എല്ലാമതത്തിലും നൻമയെ ദർശിക്കുവാൻ ശീലിക്കുക. തുടങ്ങിയ ആശയങ്ങൾ ശ്രീനാരായണസമൂഹത്തെ പ്രബുദ്ധരാക്കട്ടെയെന്ന് ആശംസിക്കുന്നു. ജാതിമത ദേശാദി വിഭാഗീയ ചിന്താഗതികൾക്കതീതമായി എല്ലാവരും ഈശ്വരസത്തയുടെ അംശമെന്ന ബോ ധത്തിൽ ആത്മസഹോദരൻമാരായി കഴിയുന്നതാണ് ഗുരുദേവൻ വിഭാവനം ചെയ്യുന്ന ഏകലോ കം. ആ ഏകലോകം സൃഷ്ടിക്കുവാൻ ജാതിമതഭേദമെന്യേ എല്ലാവരും പ്രവർത്തിക്കാൻ തയ്യാറാകണം. സ്വാമി ജോൺ ധർമ്മതീർത്ഥർ പറഞ്ഞു. ശ്രീനാരായണഗുരുദേവൻ ഭാവിലോകത്തിന്റെ പ്രവാചകൻ. അതെ വരാൻ പോകുന്ന ലോകം ഗുരുവിന്റെ ഏകലോകമായിരിക്കും.

ഗുരു വിഭാവനം ചെയ്യുന്ന ഏകലോകവ്യവസ്ഥിയാണ് സുവർണ്ണകാ ലം. അത് വരുത്താൻ എല്ലാവരും മുന്നിട്ടിറങ്ങണം. ശി വഗിരിമഠവും ഗുരുദേവപ്രസ്ഥാനങ്ങളും മാത്രമല്ല സർക്കാരും രാഷ്ട്രീയ പാ ർട്ടികളും പൊതുപ്രവർത്ത കരും ഈ ഏകലോകവ്യവ സ്ഥിതിയുടെ വക്താക്കളാ യി നിന്ന് പ്രവർത്തിക്ക ണം. ഏകലോകവ്യവസ്ഥിതിയുടെ പ്രവാചകനായ ഗുരുദേവന്റെ ചിന്താസരണിക്കൊത്തു നാമും മുന്നേറുക. ഗുരുദേവദർശനത്തെ ഈ വത്തിക്കാൻ കൂടി അംഗീകരിച്ച് ഈ സർവ്വമതപാർലമെന്റ് നടത്തുവാൻ മുന്നോട്ടുവന്നതിൽ ശിവഗിരിമഠത്തിനുള്ള അപാരമായ സന്തോഷം ഇവിടെ രേഖപ്പെടുത്തുന്നു. അഭിവന്ദ്യനായ ഫ്രാൻസിസ് മാർപാപ്പയോട് ശ്രീനാരായണഭക്തലോകത്തിന്റെ പ്രണാമങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നു. ഈ സമ്മേളനം നടത്തുവാൻ പ്രേരണ ചെലുത്തിയ കൂവക്കാട് കർദ്ദിനാളിനെ ഞങ്ങൾ അഭിനന്ദിക്കുന്നു. ചാണ്ടി ഉമ്മൻ എം. എൽ.എ, കെ.ജി. ബാബുരാജൻ, സ്വാമി വീരേശ്വരാനന്ദ എന്നിവർ

This PDF document was created with CKEditor and can be used for evaluation purposes only.

മുഖ്യസംഘാടകരായി. ലോകത്തിന്റെ നാനാഭാഗത്തുനിന്നും എത്തിയ പ്രതിനിധികൾക്ക് ശിവഗിരിമഠം അഭിനന്ദനം രേഖപ്പെടുത്തുന്നു.

ലോകമത പാർലമെന്റിന്റെ സമാപന സമ്മേ ളനം നടന്നത് രണ്ടാംക്രിസ്തുവെന്ന് ക്രൈ സ്തവ സമൂഹം വിശ്വസിച്ചുപോരുന്ന സെയിന്റ് ഫ്രാൻസിസ് അസ്സീസ്സിയുടെ സമാധിപീഠം (കബർ) കുടികൊള്ളുന്ന ദേവാലയത്തോട് ചേ ർന്ന ഹാളിൽ വച്ചായിരുന്നു. സമാപന സമ്മേള നം നടത്താൻ എത്രയും അനുയോജ്യമായ പുണ്യസ്ഥലമായിരുന്നു ഇത്. സെയ്ന്റ് ഫ്രാൻ സിസ് അസ്സീസി ചരാചരങ്ങളിലെല്ലാം ആത്മ ഭാവം ദർശിച്ച മഹാത്മാവാണ്. ത്യാഗനിർഭര മായ ജീവിതം നയിച്ച ആ പുണ്യപുരുഷന്റെ ദേവാലയം ലോകസമാധാന സമ്മേളനം നട ത്തുന്നതിനുള്ള വേദിയായിത്തീർന്നതും വിധി നിശ്ചയം തന്നെ. സെന്റ് ഫ്രാൻസിസ് അസ്സിസി യിലെ ഫാദർ ജൂലിയസ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ധർമ്മസംഘം ട്രസ്റ്റ് ജന റൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അധ്യക്ഷത വഹിച്ചു. ചാണ്ടിഉമ്മൻ എം.എൽ.എ. മുഖ്യ പ്രസംഗം നടത്തി. സ്വാമി ഋതംഭരാനന്ദ, സ്വാമി ധർമ്മചൈതന്യ, സ്വാമി വിശാലാനന്ദ, സ്വാമി ഹംസതീർത്ഥ, സ്വാമിനി ആര്യനന്ദാദേവി, ഫാ. ഫിലിപ്പ്, ബാബുരാജൻ ബഹറിൻ എന്നിവർ പ്രസംഗിച്ചു. സംഘാടക സെക്രട്ടറി സ്വാമി വീ രേശ്വരാനന്ദ കൃതജ്ഞത പ്രകാശിപ്പിച്ചു. ധർ മ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി സമാപന സന്ദേശം നൽകി. സമാപന സന്ദേശത്തിൽ ശിവഗിരിയിൽ സർവ്വമതസ്ഥർക്കും ഒന്നായി പ്രാർത്ഥിക്കാവുന്ന പ്രാർത്ഥനാലയം സ്ഥാപിക്കുവാനും പ്രഖ്യാപനമായി.

സമാപനവേളയിൽ സമന്വയത്തിന്റെ ഭാര തീയ വേദമന്ത്രങ്ങൾ സംന്യാസിമാർ ജപിച്ചു. ശ്രീനാരായണഗുരുവിന്റെ ദൈവദശകം പ്രാർത്ഥ നയായി സംന്യാസിമാരും പ്രതിനിധികളും ആലാപനം ചെയ്താണ് ലോകമതപാർലമെന്റ് പര്യവസാനിച്ചത.് ശ്രീനാരായണഗുരു ആലുവാ യിൽ നടത്തിയ സർവ്വമതസമ്മേളനത്തിന്റെ സമാപനവേളയിൽ സർവ്വരും സമബുദ്ധിയോടും സമഭക്തിയോടും കൂടി പഠിക്കണമെന്നും അതി നായി 5 ലക്ഷം (1924 ൽ) ചിലവിൽ ശിവഗിരി യിൽ സർവ്വമതപാഠശാല സ്ഥാപിക്കണമെന്നും ഉദ്ബോധിപ്പിച്ചു. ഗുരുദേവൻ തന്നെ ശിലാസ്ഥാ പനം ചെയ്തത് ശിവഗിരിയിൽ ആരംഭിച്ച ഈ സർവ്വമത പാഠശാല സാവധാനമെങ്കിലും ആശാ വഹമായ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഞങ്ങൾ സച്ചിദാനന്ദസ്വാമിയും ശുഭാംഗാനന്ദസ്വാമിയുമടക്കം ശിവഗിരിയിലെ ഇന്നത്തെ സന്യാസിമാർ ഈ മതമഹാപാഠശാലയിൽ പഠിച്ചവരാണ്. ജാതി മതഭേദമന്യേ ആർക്കും ഈ പാഠശാലയിൽ ചേർന്ന് പഠിക്കാം. അതിനായി ഈ മഹാപാഠശാലയുടെ വാതിൽ തുറന്നിട്ടിരിക്കുകയാണ്. ചിലവുകൾ ശിവഗിരി മഠം തന്നെ വഹിച്ചു കൊള്ളും.

വത്തിക്കാൻ ലോകമത പാർലമെന്റിന്റെ തുടർച്ചയായി ഡിസംബറിന് 8 ന് ഡൽഹിയിൽ സർവ്വമതസമ്മേളനം നടന്നിരുന്നു. ഇനി ചെ ന്നൈ തുടങ്ങിയ വൻനഗരങ്ങളിലും ഇംഗ്ലണ്ട്, ഇൻഡോനേഷ്യ അയർലന്റ്, സിംഗപ്പൂർ, മലേ ഷ്യ തുടങ്ങിയ രാജ്യങ്ങളിലും സമ്മേളനങ്ങൾ നടത്തുന്നതിനുള്ള ശ്രമത്തിലാണ് ശിവഗിരി മഠം. കെ.ജി. ബാബുരാജൻ (ചെയർമാൻ), എ. വി. അനൂപ്, ശ്രീ. സുരേഷ്കുമാർ ബോംബെ, കെ. മുരളീധരൻ അബുദാബി, (ചീഫ് കോർഡിനേറ്റർ), സ്വാമി വീരേശ്വരാനന്ദ (സെ ക്രട്ടറി), ചാണ്ടിഉമ്മൻ എം.എൽ.എ. (ജനറൽ കൺവീനർ) അടങ്ങിയ കമ്മിറ്റി അതിനു വേ ണ്ടിയുള്ള ശ്രമത്തിലാണ്. മഹാഗുരുവിന്റെ പലമതസാരവുമേകം എന്ന തത്വദർശനത്തി ന്റെ വെളിച്ചത്തിൽ ഭാരതീയ വേദഗ്രന്ഥങ്ങളും ബൈബിളും, ഖുറാനും ധർമ്മപദവും അദ്വൈത വേദാന്തഗ്രന്ഥങ്ങളും സമബുദ്ധിയോടും സമ ഭക്തിയോടും കൂടി ഏവരും പഠിക്കുന്ന അവ സ്ഥയിലേക്ക് രാജ്യം അനീതമാകണം. ലോക സമാധാനത്തിന്റെ മാർഗ്ഗവും അതു തന്നെ.

ശ്രീനാരായണപ്രസ്ഥാനത്തിൽ ചരിത്രത്തി ൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്നു വത്തിക്കാൻ ലോകമതപാർലമെന്റ്. ഇത് സംഘടിപ്പിച്ചത് ശ്രീനാരായണഗുരുദേവന്റെ ശക്തിചൈതന്യം മാത്രമാണ്. ആലുവായിൽ ഒന്നാമതായ സർവ്വമതസമ്മേളനം സംഘടിപ്പിച്ച അതേ ഗുരുകാരുണ്യം ഇവിടെയും പ്രവർത്തിച്ചു. സംഘാടകരായവർ ഗുരുവിന്റെ കയ്യിലെ ഉപകരണങ്ങൾ മാത്രം. അവരെ ഉപകരണങ്ങളായി ഗുരുദേവൻ തെരഞ്ഞെടുത്തു എന്നതാണ് അവരുടെ ഭാഗ്യം. അഥവാ ഗുരുദേവാനുഗ്രഹം.

This PDF document was created with CKEditor and can be used for evaluation purposes only.

This PDF document was created with CKEditor and can be used for evaluation purposes only.